ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:15.09.2026

## പ്രധാനവാർത്തകൾ

1. ഇന്ത്യ - കാനഡ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള നാലാം ഘട്ട ചർച്ചകൾ ന്യൂഡൽഹിയിൽ ആരംഭിച്ചു.

2. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖ തയാറാക്കുന്നതിനായി 'റീഇമാജിനിംഗ് കേരളം' വട്ടമേശ സമ്മേളനം നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

3. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമം തുടരുകയാണെന്ന് മന്ത്രി സണ്ണി ജോസഫ്.പവർ കട്ടിന്റെ സാഹചര്യം എത്രയും വേഗം പരിഹരിക്കുമെന്നും മന്ത്രി.

4. കേരളത്തിൽ ഡ്രൈവിങ് ലൈസൻസ് പരീക്ഷാഘടനയിൽ മാറ്റം വരുത്തി ഗതാഗത വകുപ്പ്. ലൈസൻസ് നൽകും മുൻപ് അപകടസാധ്യത തിരിച്ചറിയാനുള്ള കഴിവുകൂടി പരിശോധിക്കാൻ തീരുമാനം.

RNU TVPM

5. **സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണത്തിന് മില്ലുടമകളുമായി ധാരണയായതായി മന്ത്രി അനൂപ് ജേക്കബ്.**

6. **ഇന്ത്യ -അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ന്യൂഡൽഹിയിൽ**

## ഇന്ത്യ - കാനഡ

ഇന്ത്യ - കാനഡ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള നാലാം ഘട്ട ചർച്ചകൾ ന്യൂഡൽഹിയിൽ ആരംഭിച്ചു. 2030-ഓടെ ഉഭയകക്ഷി വ്യാപാരം 50 ബില്യൺ യുഎസ് ഡോളറായി ഉയർത്തുകയാണ് ലക്ഷ്യം. വെള്ളിയാഴ്ച വരെ നീളുന്ന ചർച്ചയിൽ ചരക്ക്-സേവന വ്യാപാരം, ഉൽപ്പന്നങ്ങളുടെ ഉത്ഭവ മാനദണ്ഡങ്ങൾ , സാങ്കേതിക വ്യാപാര തടസ്സങ്ങൾ തുടങ്ങിയ സുപ്രധാന വിഷയങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

PNUTVPM

## സെമികോൺ ഇന്ത്യ

'സെമികോൺ ഇന്ത്യ 2026'-ന്റെ അഞ്ചാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യശോഭൂമിയിൽ വ്യാഴാഴ്ച ഉദ്ഘാടനം ചെയ്യും. 600-ലധികം പ്രദർശകരും 300 അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പരിപാടിയിൽ പങ്കെടുക്കും. ആറ് രാജ്യങ്ങളുടെ

പവലിയനുകൾ, പന്ത്രണ്ട് സംസ്ഥാന സർക്കാരുകളുടെ പവലിയനുകൾ, സ്റ്റാർട്ടപ്പുകൾക്കായി മാത്രമായുള്ള ഒരു പ്രത്യേക പവലിയൻ എന്നിവ ഈ പ്രദർശനത്തിലുണ്ടാകും. ഇന്ത്യ അർദ്ധചാലക ദൗത്യം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം, സെമി എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന ഇന്ത്യയിലെ പ്രമുഖ അർദ്ധചാലക സമ്മേളനവും പ്രദർശനവുമാണ് 'സെമികോൺ ഇന്ത്യ'.

❁❁❁❁❁❁❁❁❁❁❁❁❁

**യുപിഐ**

2,000 രൂപ വരെയുള്ള UPI പണമിടപാടുകൾക്ക് ബാങ്കുകൾ യാതൊരുവിധ നിരക്കുകളും ഈടാക്കരുതെന്ന് കേന്ദ്ര സർക്കാർ. RuPay ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന 2,000 രൂപ വരെയുള്ള പണമിടപാടുകൾക്കും ചാർജുകൾ ബാധകമല്ലെന്ന് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്നു. വ്യക്തികൾ തമ്മിലുള്ള എല്ലാ UPI ഇടപാടുകളും സൗജന്യമായി തുടരുമെന്നും വ്യാപാരികളിൽ നിന്ന് പൊതുവായ മെർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഈടാക്കില്ലെന്നും ധനമന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**റീഇമാജിനിംഗ് കേരളം**

RNUTVPM

സംസ്ഥാന സർക്കാരിന്റെ 2026-27 ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖ തയാറാക്കുന്നതിനായി 'റീഇമാജിനിംഗ് കേരളം' എന്ന പേരിൽ സംഘടിപ്പിക്കുന്ന വട്ടമേശ സമ്മേളനത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നാളെ  മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. 18 ാം തീയതി വരെ നടക്കുന്ന സമ്മേളനത്തിൽ,ബജറ്റ് നിർദേശങ്ങളെ കൃത്യമായ പ്രവർത്തന പദ്ധതികളാക്കി മാറ്റുകയാണ് പ്രധാന ലക്ഷ്യം.മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവരെ ഒരുമിച്ചുചേർത്ത് പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിനാണ് സമ്മേളനം.

അടിസ്ഥാന സൗകര്യ വികസനം, സമുദ്രാധിഷ്ഠിത വികസനം, വ്യവസായ ഇടനാഴികൾ, പുനരുപയോഗ ഊർജ്ജം, നഗരവികസനം, ആരോഗ്യം, നിർമ്മിത ബുദ്ധി, ഡിജിറ്റൽ മേഖല, ടൂറിസം തുടങ്ങി വിവിധ മേഖലകളിലെ പദ്ധതികൾ സമ്മേളനത്തിൽ ചർച്ച ചെയ്യും. ഓരോ പദ്ധതിയുടെയും ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന കരട് രേഖ തയാറാക്കി മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കും.

RNUTVPM

**സണ്ണിജോസഫ്(ഇൻട്രോ)**

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് വൈദ്യുതി മന്ത്രി സണ്ണി

ജോസഫ്. ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നത് പരിഗണയിലുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. പവർ കട്ടിന്റെ സാഹചര്യം എത്രയും വേഗം പരിഹരിക്കുമെന്നും മന്ത്രി പറഞ്ഞു. ( വോയിസ്...)

❁❁❁❁❁❁❁❁❁❁❁❁❁

**വി മുരളീധരൻ**

പവർ കട്ട് ജനങ്ങളെ ദുരിതത്തിലാക്കുകയാണെന്നും പ്രതിസന്ധി മുൻകൂട്ടി കണ്ട് പരിഹാരം കണ്ടെത്താൻ സർക്കാർ ശ്രമിക്കണമായിരുന്നെന്നും വി മുരളീധരൻ എം എൽ എ. കഴക്കൂട്ടം KSEB സബ് സ്റ്റേഷന് മുന്നിൽ ബിജെപി സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**ബിന്ദു കൃഷ്ണ**

നാടൻ താറാവിനങ്ങളുടെ സംരക്ഷണത്തിനൊപ്പം കുട്ടികളുടെ വ്യക്തിത്വം, പോഷകാഹാരം, സാമൂഹ്യക്ഷേമം, ഭക്ഷ്യഭദ്രത എന്നിവയെ ഗുണകരമായി സ്വാധീനിക്കുന്ന പദ്ധതികളാണ് 'പൊൻചിറകുകളെന്ന് മന്ത്രി ബിന്ദു കൃഷ്ണ.അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് താറാവ് കുഞ്ഞുങ്ങളെ സൗജന്യമായി നൽകുന്ന 'പൊൻ ചിറകുകൾ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം

കൊല്ലത്ത് നിർവഹിക്കുക ആയിരുന്നു മന്ത്രി. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ക്ഷീരകർഷക്കായി നടപ്പാക്കുന്ന എൻ.എൽ.എം. 'ഗോസമൃദ്ധി' കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ഘാടനവും മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു.

## പ്ലാസ്റ്റിക് പാക്കേജിംഗ്

പ്ലാസ്റ്റിക് പാക്കേജിംഗ് മേഖലയിലെ സ്ഥാപനങ്ങൾ epr.cpeb.gov.in പോർട്ടലിൽ രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശം. നിലവിൽ അക്കൗണ്ടുള്ള സ്ഥാപനങ്ങൾ പഴയ വിവരങ്ങൾ പുതിയ ഏകീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനായി ലിങ്ക് ഓൺബോർഡ് ചെയ്യണം. രജിസ്ട്രേഷൻ, ഇടപാടുകളുടെ റിപ്പോർട്ടിംഗ്, വാർഷിക റിട്ടേൺ തുടങ്ങിയ പ്രവർത്തനങ്ങൾ EPR പോർട്ടൽ വഴി നടത്താം.

## ഡ്രൈവിങ് ലൈസൻസ്(ഇൻട്രോ)

സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് പരീക്ഷാഘടനയിൽ മാറ്റം വരുത്തി ഗതാഗത വകുപ്പ്. വാഹനാപകടങ്ങൾ വർധിച്ച പശ്ചാത്തലത്തിൽ, ഇനിമുതൽ ലൈസൻസ് നൽകും മുൻപ് അപകടസാധ്യത തിരിച്ചറിയാനുള്ള

RNUTVPM

കഴിവുകൂടി പരിശോധിക്കാനാണ് തീരുമാനം. ഡിസംബർ മുതൽ വീഡിയോ ഗെയിം മാതൃകയിലുള്ള ഓൺലൈൻ ടെസ്റ്റുകൂടി നിർബന്ധമാക്കാൻ ഗതാഗത കമ്മിഷണർ നാഗരാജു ചകിലം നിർദേശിച്ചു.

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..... ( വോയിസ്...)***

❁❁❁❁❁❁❁❁❁❁❁❁❁

**ഡിജിപി**

ഇന്ത്യയിലെ ഏറ്റവും ദീർഘകാലമായി തുടരുന്ന സൈബർ സെക്യൂരിറ്റി ആൻഡ് ഹാക്കിംഗ് കോൺഫറൻസുകളിലൊന്നായ cocon 2026ന്റെ 19-ാം പതിപ്പിന് കൊച്ചി വേദിയാകും. ഒക്ടോബർ 6 മുതൽ 13 വരെയാണ് സമ്മേളനം. അതിവേഗം മാറുന്ന സൈബർ സുരക്ഷാ സാഹചര്യത്തിൽ കൂടുതൽ ശക്തവും പ്രതിരോധശേഷിയുള്ളതുമായ ഡിജിറ്റൽ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിലാണ് സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് പോലീസ് മേധാവി റവാഡാ ചന്ദ്രശേഖർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ടി-20 ക്രിക്കറ്റ്**

RJU TVPM

ഇന്ത്യ -അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് . ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് കളി ആരംഭിക്കുക. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം.

**കേരള ക്രിക്കറ്റ്**

കേരള ക്രിക്കറ്റ് അസോസിയേഷൻ അണ്ടർ -23 നോർത്ത് സോൺ പുരുഷ അന്തർ ജില്ലാ മത്സരങ്ങൾക്ക് കാസർകോട്ട് തുടക്കം. മാന്യയിലെ കെ സി എ സ്റ്റേഡിയത്തിൽ
കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകൾ ആണ് മത്സരിക്കുന്നത്.

RNUTVPM

**പാലക്കാട്(ഇൻട്രോ)**

സപ്ലൈക്കോ മുഖേനയുള്ള നെല്ല് സംഭരണത്തിന് മില്ലുടമകളുമായി ധാരണയായതായി മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു.പാലക്കാട് ജില്ലയിൽ കൊയ്ത്ത് ആരംഭിച്ച സാഹചര്യത്തിലാണ് മന്ത്രി മില്ലുടമാ പ്രതിനിധികളുടെ യോഗം വിളിച്ചത്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......*

*(വോയിസ്)*

### ദൂരദർശൻ

ഇന്ന് പൊതു പ്രക്ഷേപണ സ്ഥാപനമായ ദൂരദർശൻറെ 67 ആം സ്ഥാപക ദിനം. 1959 സെപ്റ്റംബർ 15-നാണ് ഇന്ത്യയുടെ പ്രക്ഷേപണ യുഗത്തിന് തുടക്കം കുറിച്ചുകൊണ്ട് ദൂരദർശൻ സ്ഥാപിതമാകുന്നത്. അന്നത്തെ രാഷ്ട്രപതി ഡോ.രാജേന്ദ്ര പ്രസാദാണ് ഉദ്ഘാടനം നിർവഹിച്ചത്. 1975 വരെ ഓൾ ഇന്ത്യ റേഡിയോയുടെ ഭാഗമായിരുന്ന ദൂരദർശൻ 1976 ഏപ്രിൽ ഒന്നോടെ പ്രത്യേകമായി പ്രവർത്തനമാരംഭിച്ചു.

RNU TVPM

### എൻജിനീയേഴ്സ് ദിനം

ഭാരതരത്ന എം വിശ്വേശ്വരയ്യയുടെ 165-ാാം ജന്മവാർഷിക ദിനമായ ഇന്ന് രാജ്യം ദേശീയ എൻജിനീയേഴ്സ് ദിനം ആഘോഷിക്കുന്നു. രാഷ്ട്രനിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക നവീകരണം എന്നിവയിൽ എൻജിനീയർമാർ നൽകുന്ന വിലമതിക്കാനാവാത്ത സംഭാവനകളെ ആദരിക്കുന്നതിനായാണ് സെപ്റ്റംബർ 15-ന് ദിനാചരണം സംഘടിപ്പിക്കുന്നത്. നൂതന

ആശയങ്ങളിലൂടെയും ഡിജിറ്റലൈസേഷനിലൂടെയും സുസ്ഥിര ഭാവിക്ക് വേണ്ടിയുള്ള സ്മാർട്ട് എഞ്ചിനീയറിംഗ് - എന്നതാണ് ഈ വർഷത്തെ പ്രമേയം. എഞ്ചിനീയറിംഗ് രംഗത്തെ അസാമാന്യ പ്രതിഭയായ എം. വിശ്വേശ്വരയ്യയുടെ, രാഷ്ട്രനിർമ്മാണത്തിലുള്ള ദീർഘവീക്ഷണം ഇന്നും പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

## നിമജ്ജന ഘോഷയാത്ര

ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്രയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ രാത്രി 9 വരെ ഗതാഗതക്രമീകരണം ഏർപ്പെടുത്തി.പാർക്കിംഗ് നിയന്ത്രണവും ഉണ്ടാകും. ഘോഷയാത്ര കിഴക്കേക്കോട്ടയിൽ നിന്നാരംഭിച്ച് പാളയം വഴി ശംഖുംമുഖത്ത് സമാപിക്കും. അതേസമയം ഗണേശോത്സവ ട്രസ്റ്റ് കമ്മിറ്റിയുടെ ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്ര നാളെ വൈകിട്ട് പഴവങ്ങാടിയിൽ നിന്നാരംഭിച്ച് ശംഖും മുഖത്ത് സമാപിക്കും.

## വയനാട് പുലി

വയനാട് തലപ്പുഴയിൽ പശുക്കിടാവിനെ പുലി ആക്രമിച്ചു കൊന്നു. പണിച്ചിപ്പാലം പാലത്തിങ്കലിൽ ഒൻപതു മാസം പ്രായമുള്ള പശുക്കിടാവാണ് ചത്തത്. വനപാലകകർ

RNU TVPM

സ്ഥലത്തെത്തി തിരച്ചിൽ നടത്തി. പ്രദേശത്ത് രണ്ടു ക്യാമറകൾ സ്ഥാപിച്ച് നൈറ്റ് പട്രോളിങ് ഏർപ്പെടുത്തുകയും ചെയ്തു.

RNU TVPM